## ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത്.

ചോറ്റാനിക്കര ക്ഷേത്രത്തിൽ ഈ വർഷത്തെ നവരാത്രി ഉത്സവം 2/10/2016 മുതൽ 11/10/2016 (1192 എം.ഇ.) കൂടിയ കാലത്തേക്ക് ദേവസ്വം പുറമ്പോക്ക് സ്ഥലങ്ങളിൽ ദേവസ്വം അധികാരികൾ നിശ്ചയിക്കുന്ന സ്ഥലത്ത് (ഹോട്ടൽ, ശീതളപാനീയം കച്ചവടം ഒഴികെയുള്ള) ചില്ലറ കച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തും, ടെണ്ടർ സമർപ്പിച്ചും ഏാല്പിച്ചുകൊടുക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

**ലേലതിയ്യതി, സമയം, സ്ഥലം**

8.9.16 വ്യാഴം...... രാവിലെ 11 മണിയ്ക്ക് ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ വെച്ചു നടത്തുന്നതാണ്.

**സ്ഥലവിവരം**

1. കീഴ്ക്കാവിലേക്ക് പോകുന്നവഴി ശാസ്താക്ഷേത്രത്തിന്റെ വടക്കുവശത്ത് ആന പോകുന്നവഴി ഒഴികെ

2. കീഴ്ക്കാവ് നടപ്പുരയുടെ സൈഡിൽ കച്ചവടം നടത്തുന്നതിന്

**ടെണ്ടർ സമർപ്പിക്കേണ്ട രീതി**

മേൽപ്പറഞ്ഞ സ്ഥലങ്ങൾ ആവശ്യമുള്ളവർ ഓരോ സ്ഥലവും എറ്റവും കൂടുതൽ സംഖ്യയ്ക്ക് എടുക്കുവാൻ തയ്യാറുള്ള സംഖ്യയും പൂർണ്ണമേൽവിലാസവും പ്രത്യേകം രേഖപ്പെടുത്തി ടെണ്ടർ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ പേർക്ക് 8.9.16 രാവിലെ 10 A.M വരെയുള്ള സമയത്ത് ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ എാല്പിച്ചിരിക്കേണ്ടതാണ്. ഓരോ ടെണ്ടറിനോടൊപ്പവും പ്രത്യേകം പ്രത്യേകം 1000. രൂപ വീതം നിരതദ്രവ്യം (D.D.) അടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്ന കവർ ഒട്ടിച്ചിരിക്കേണ്ടതും കവറിനു പുറത്ത് നവരാത്രി കച്ചവടസ്ഥലത്തിനുള്ള ടെണ്ടർ/ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷൻ നിരസിക്കുന്നതായിരിക്കും.

ടെണ്ടർ സമർപ്പിച്ചവരും ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവരും സ്ഥലത്തും സമയത്തും ഹാജരായിരിക്കേണ്ടതും ആൾ 1ക്ക് 1000/- രൂപ വീതം അഡ്വാൻസ് കെട്ടിവെയ്ക്കേണ്ടതുമാണ്. അഡ്വാൻസ് കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുവാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു.

ഓരോ സ്ഥലവും എാറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിൽ 3 വാക്ക് വിളിച്ചു നിർത്തി തത്സമയം തന്നെ ബന്ധപ്പെട്ട സ്ഥലത്തിന് സമർപ്പിച്ചിട്ടുള്ള ടെണ്ടറുകൾ തുറക്കുന്നതും ലേലതുകയോ ടെണ്ടർ തുകയോ എാതാണ് കൂടുതൽ സംഖ്യയെന്ന് നോക്കി കൂടുതൽ തുകയ്ക്ക് ഉറപ്പിക്കുന്നതാകുന്നു. മേൽപ്രകാരം ഉറപ്പിക്കുന്നതിനനുസരിച്ച് ബന്ധപ്പെട്ട ആൾ സംഖ്യ മുഴുവനും ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

ലേലം കൊള്ളുന്ന ആളുകൾ ഓരോരുത്തരും തങ്ങൾക്കായി അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ കൃത്യമായി ഉപയോഗിക്കേണ്ടതും പരസ്പരവഴക്കിനിടവരാതെ ശ്രദ്ധിക്കേണ്ടതുമാണ്. ലേലസ്ഥലത്ത് ക്ഷേത്രാചാരമര്യാദകൾക്ക് വിരുദ്ധമായ യാതൊരുവിധ സാധനങ്ങൾ സൂക്ഷിക്കുകയോ കച്ചവടം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല. ദർശനത്തിനു വരുന്ന ഭക്തജനങ്ങൾക്ക് യാതൊരുവിധത്തിലുള്ള ആക്ഷേപങ്ങൾക്കും ഇടവരുത്താതെ കച്ചവടം നടത്തേണ്ടതുമാകുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾക്ക് വിരുദ്ധമായി ലേലക്കാരൻ എന്തെങ്കിലും പ്രവർത്തിച്ചു ദേവസ്വത്തിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ വരുത്തിയാൽ ടിയാന്റെ ലേലസംഖ്യ പിഴയായി പിടിച്ച് ടിയാനെ ടി സ്ഥലത്തുനിന്ന് ഒഴിവാക്കുന്നതാണ്.

ഓരോ സ്ഥലത്തേയും സംബന്ധിച്ചുള്ള വിവരങ്ങൾ സ്ഥലത്തുപോയി പരിശോധിച്ചും ദേവസ്വം ഓഫീസിൽ അന്വേഷിച്ചും സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്.

ലേലം കൊണ്ടിട്ടുള്ള ആളുകൾ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലേയും ഹെൽത്ത് ഡിപ്പാർട്ട്മെന്റിലേയും നിയമപരിധിയിൽ വരുന്നതായ ചട്ടങ്ങളനുസരിച്ച് കച്ചവടം നടത്തേണ്ടതുമാകുന്നു.

കാസറ്റ്, സി.ഡി. മുതലായവ വില്ക്കുന്നതിനായി സ്റ്റാളുകൾ ലേലത്തിൽ വിളിക്കുന്നവർ ശബ്ദം വളരെ കുറച്ച് വെയ്ക്കേണ്ടതും അല്ലാത്തപക്ഷം ശബ്ദമലിനീകരണനിയന്ത്രണവ്യവസ്ഥകൾക്കനുസൃതമായി നടപടികൾ എടുക്കേണ്ട ഉദ്യോഗസ്ഥരിൽനിന്നും നടപടികൾ വേണ്ടിവരുന്നതുമാണ്.

ഈ ലേലത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ ഓഫീസ് സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാകുന്നു.

ഈ ലേലം വേണ്ടെന്ന് വെയ്ക്കുന്നതിനും മറ്റൊരു തിയ്യതിക്ക് മാറ്റിവെയ്ക്കുന്നതിനും യുക്തമെന്ന് തോന്നുന്ന മറ്റു നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

23/8/16.

ചോറ്റാനിക്കര.

~~തൃശ്ശൂർ~~

സ്പെഷ്യൽ ദേവസ്വം കമ്മീഷണർ

Assistant Commissioner
Chottanikkara Devaswom